# സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ**
**(ഹാജർ: ശ്രീമതി അനുപമ ടി.വി., ഐ.എ.എസ്, വനിതാ ശിശു വികസന ഡയറക്ടർ)**

വിഷയം:- വനിതാ ശിശുവികസന വകുപ്പ് - ഐ.സി.പി.എസ് - പാലക്കാട് മഹിളാമന്ദിരത്തിലെ താമസക്കാരിയായ ശ്രീമതി ഷബീബയുടെ കുട്ടി മുഹമ്മദ് സ്വാലിക്കിന് ബാലനിധി ധനസഹായം ഉത്തരവാകുന്നത് - സംബന്ധിച്ച്.

പരാമർശം:-
1) പാലക്കാട് ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ കത്ത് നമ്പർ ഡി.സി.പി.ഒ/പി.കെ.ഡി/എഫ്/2891/2020 തീയതി 17/12/2020.
2) പാലക്കാട് ഗവ. മഹിളാമന്ദിരം സൂപ്രണ്ടിന്റെ എം.എം.പി/14/2020 നമ്പർ കത്ത്.
3) പാലക്കാട് ചൈൽഡ് വെൽഫയർ കമ്മറ്റിയുടെ 25/11/2020 തീയതിയിലെ ഒ.പി. നമ്പർ 649/യു.സി/2020 നമ്പർ ശുപാർശ.
4) ഈ കാര്യാലയത്തിലെ ഇതേ നം.ഉത്തരവ് തീയതി :28/12/2020

---

**ഉത്തരവ് നമ്പർ: ICPS-4(A)/3465/2020 തീയതി: 06/01/2021**

---

വനിതാ ശിശു വികസന വകുപ്പിനു കീഴിൽ പാലക്കാട് മഹിളാമന്ദിരത്തിലെ താമസക്കാരി യായ ശ്രീമതി ഷബീബയുടെ കുട്ടിയായ മുഹമ്മദ് സ്വാലിക്കിന് (8 മാസം) കണ്ണിൽ അർബുദ ബാധയെത്തുടർന്ന് കണ്ണിന് കാഴ്ച നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതായും കുട്ടിക്ക് അടിയന്തിരമായി ചികിത്സാ ചെലവുകൾക്ക് തുക അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം സ്ഥാപന സൂപ്രണ്ട് അറിയിച്ചിരുന്നു.പരാമർശം (3) പ്രകാരം കുട്ടിക്ക് അടിയന്തിരമായി ചികിത്സാ ധനസഹായം അനുവ ദിക്കണമെന്ന് പാലക്കാട് ചൈൽഡ് വെൽഫയർ കമ്മറ്റിക്കും ശിപാർശ ചെയ്തിരിക്കുന്നു. പാല ക്കാട് ജില്ലാ ശിശു സംരക്ഷണ ഓഫീസർ കുട്ടിയുടെ ചികിത്സ സംബന്ധിച്ച കാര്യങ്ങൾ പരിശോ ധിച്ച് പാലക്കാട് സൂപ്രണ്ട് മുഖേന കുട്ടിയുടെ ചികിത്സയ്ക്ക് നാളിതുവരെ ചെലവായ 24,839/- രൂപയും കുട്ടിയുടെ തുടർന്നുള്ള ചികിത്സയ്ക്ക് പ്രതീക്ഷിക്കുന്ന തുകയായ 1,20,900/- രൂപയും കൂടി ചേർത്ത് ആകെ 1,45,539/- രൂപ ബാലനിധി ഫണ്ടിൽനിന്നും അനുവദിക്കുന്നതിന് പരാമർശം 1 പ്രകാരം ശിപാർശ ചെയ്തിരിക്കുന്നു.

ടി സാഹചര്യത്തിൽ ബാലനിധി നിയമപ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ മുഹമ്മദ് സ്വാലിക്ക് അർബുദ ബാധ ചികിത്സയ്ക്ക് ആവശ്യമായ 1,45,539/രൂപ 2015 ജെ.ജെ. ആക്റ്റിന്റെയും 2016 ജെ.ജെ. മോഡൽ റൂളിന്റെയും പരിധിയിൽ വരുന്ന കുട്ടികളുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിനായി ജുവനൈൽ ജസ്റ്റീസ് ആക്റ്റ് പ്രകാരം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ബാലനിധിയിൽനിന്നും (ജുവനൈൽ ജസ്റ്റീസ് ഫണ്ട്) അനുവദി ക്കുന്നതിനുള്ള അനുമതി നൽകി പരാമർശം 4 പ്രകാരം ഉത്തരവാകുകായും,പ്രസ്തുത തുക പാലക്കാട് DCPU ക്ക് അലോട്ട്മെന്റായി ജെ.ജെ. ഫണ്ടിന്റെ ശീർഷകമായ 2235-02-106-91 (P)

നിന്നും നൽകാവുന്നതും,ടി തുക 1,45,539/-രൂപ പാലക്കാട് ജില്ലാ ശിശു സംരക്ഷണ ഓഫീസർ അലോട്ട്മെന്റായി പാലക്കാട് മഹിളാമന്ദിരം സൂപ്രണ്ടിന് നൽകുന്നതിനും ഉത്തരവായിരുന്നു.

എന്നാൽ പാലക്കാട് ജില്ലാ ശിശു സംരക്ഷണ ഓഫീസർക്ക് BAMS-ൽ നിന്നും അലോട്ട്മെന്റായി തുക അനുവദിക്കുവാൻ സാധിക്കുന്നില്ല എന്ന വിവരം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം 4 പ്രകാരമുള്ള ഉത്തരവ് റദ്ദ് ചെയ്തു കൊണ്ടും മേൽ പരാമർശ ആവശ്യങ്ങൾക്കായി ജില്ലാ ശിശു സംരക്ഷണ ഓഫീസർക്ക് അനുവദിച്ച 1,45,539/-രൂപ അടിയന്തിരമായി സറണ്ടർ ചെയ്യുന്നതിന് ഉത്തരവാകുന്നു.

മേൽ സാഹചര്യത്തിൽ പാലക്കാട് മഹിള മന്ദിരത്തിലെ താമസക്കാരിയായ ശ്രീമതി ഷബീബയുടെ കുട്ടിയായ മുഹമ്മദ് സ്വാലിക്കിന് (8 മാസം) കണ്ണിന്റെ അർബുദ ചികിത്സക്ക് ആവശ്യമായ തുകയായ 1,45,539/- (ഒരുലക്ഷത്തി നാല്പത്തയ്യായിരത്തി അഞ്ഞൂറ്റി മുപ്പത്തിയൊമ്പത് രൂപ മാത്രം) പാലക്കാട് ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ പേരിൽ ജെ.ജെ. ഫണ്ടിന്റെ 2235-02-106-91 (P) കണക്ക് ശീർഷകത്തിൽ നിന്നും അനുവദിച്ച് നൽകുന്നു.ടി തുക ജില്ലാ വനിതാ ശിശു വികസന ഓഫീസർ അലോട്ട്മെന്റായി പാലക്കാട് മഹിളാമന്ദിരം സൂപ്രണ്ടിന് അടിയന്തിരമായി നൽകേണ്ടതാണ്. ടി തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ജില്ലാ വനിതാ ശിശു വികസന ഓഫീസർ ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

ജില്ലാ വനിതാ ശിശു വികസന ഓഫീസർ,
പാലക്കാട്

(ഒപ്പ്)
**വനിതാ ശിശു വികസന ഡയറക്ടർ &**
**മെമ്പർ സെക്രട്ടറി (ഐ.സി.പി.എസ്)**

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM 12
WOMEN & CHILD DEVELOPMENT DEPARTMENT

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

**പകർപ്പ്:**

1) ജില്ലാ ശിശു സംരക്ഷണ ഓഫീസർ, പാലക്കാട്
2) സൂപ്രണ്ട്, മഹിളാമന്ദിരം, പാലക്കാട്
3) സ്റ്റോക്ക് ഫയൽ
4) ICPS 4
5) Website